1 Dy/AEE-2
for n/a

15%

കെ4/373463/21

കളക്ടറേറ്റ് , സിവിൽ സ്റ്റേഷൻ,
കുടപ്പനകുന്ന്, തിരുവനന്തപുരം 695043
ഇ മെയിൽ: deputycollectorlatvm@gmail.com
ഫോൺ 0471-2731200,
തീയതി : 23/06/2022

ജില്ലാ കളക്ടർ
തിരുവനന്തപുരം

എക്സിക്യൂട്ടീവ് എൻജിനീയർ
പ്രോജക്ട് ഡിവിഷൻ , KWA
തിരുവനന്തപുരം 695033

സർ,

വിഷയം - പൊന്നും വില - മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന -
1. താങ്കളുടെ 16/06/2022 തീയതിയിലെ KWA/PD-T/DB2/894/2019/KIFBI നമ്പർ കത്ത്
2. വാല്യുവേഷൻ അസിസ്റ്റന്റ് കളക്ട്രേറ്റ് എൽ.എ സെക്ഷന്റെ 21/6/22 തീയതിയിലെ റിപ്പോർട്ട്.
3. ഈ കാര്യാലയത്തിലെ 20/05/22 തീയതിയിലെ ഇതേ നം കത്ത്.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മുദാക്കൽ ശുദ്ധജല വിതരണപദ്ധതിയുമായി ബന്ധപ്പെട്ട് സൂചന കത്ത് 1 ൽ ആവശ്യപ്പെട്ടതിൻ പ്രകാരം പുനർനിർണ്ണയിച്ച കണ്ടിജൻസി ചാർജ്ജിന്റെ വിവരങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. ആയതിൻ പ്രകാരം. ആയതിൻ പ്രകാരം കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 2,34,344/- രൂപ (രണ്ട് ലക്ഷത്തി മുപ്പത്തിനാലായിരത്തി മുന്നൂറ്റി നാൽപ്പത്തി നാലു രൂപ മാത്രം) പൊന്നുംവില ഓഫീസർ ആയ ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടായ 799011400002796 - ൽ ഉടൻ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.കൂടാതെ ടി പൊന്നും വില നടടപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പുതുക്കിയ അർത്ഥന അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ (എൽ.എ)
ജില്ലാ കളക്ടർക്ക് വേണ്ടി

# റിപ്പോർട്ട്

അങ്ങയുടെ 21.06.2022 ലെ കെ4.373463/2021 -ാം നമ്പർ അനൗദ്യോഗിക കത്തിൽ നിർദ്ദേശിച്ചതനുസരിച്ച് മുദാക്കൽ ഗ്രാമ പഞ്ചായത്തിന് വേണ്ടിയുള്ള ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതിയ്ക്ക് വേണ്ടിയുള്ള പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് ഈടാക്കേണ്ട കണ്ടിജൻസി ചാർജ്ജ്, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് എന്നിവ ന്യായ വിലയുടെ അടിസ്ഥാനത്തിൽ പുതുക്കിയ വിസ്തീർണ്ണമനുസരിച്ച് തിട്ടപ്പെടുത്തി ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഏറ്റെടുക്കേണ്ട ഭൂമിയുടെ റീസർവ്വേ നമ്പർ | 121 ( മുദാക്കൽ വില്ലേജ് ബ്ലോക്ക് 45)<br>92 (അവനവഞ്ചേരി വില്ലേജ് ബ്ലോക്ക് 42) |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം. | 15.50 + 11.13 = 26.63 ആർ (ഏകദേശ വിസ്തീർണ്ണം) |
| ന്യായവില രജിസ്റ്റർ പ്രകാരം റീസർവ്വേ നമ്പർ 121 ൽ ഉൾപ്പെട്ട സ്ഥലത്തിന് നിശ്ചയിച്ചിട്ടുള്ള ഏറ്റവും ഉയർന്ന ന്യായവില | രൂപ 55000/- (ആർ ഒന്നിന്) |
| ന്യായവില രജിസ്റ്റർ പ്രകാരം റീസർവ്വേ നമ്പർ 92 (മുൻ സർവ്വേ 1838) ൽ ഉൾപ്പെട്ട സ്ഥലത്തിന് നിശ്ചയിച്ചിട്ടുള്ള ഏറ്റവും ഉയർന്ന ന്യായവില | രൂപ 88000/- (ആർ ഒന്നിന്) |
| ന്യായവില അടിസ്ഥാനമാക്കി ഏറ്റെടുക്കേണ്ട ഭൂമിക്ക് നിശ്ചയിക്കാവുന്ന അടിസ്ഥാന വില | 88000 X 26.63= **23,43,440** രൂപ. |
| 100% സൊലേഷ്യം | **23,43,440/-** രൂപ. |
| 100% സൊലേഷ്യം ഉൾപ്പെടെ ടി ഭൂമിക്ക് നിശ്ചയിക്കാവുന്ന വില | **46,86,880/-** രൂപ |
| ഈടാക്കേണ്ട കണ്ടിജൻസി ചാർജ്ജ് | 46,86,880 X 5% = **234344/-** രൂപ (രൂപ രണ്ട് ലക്ഷത്തി മുപ്പത്തി നാലായിരത്തി മുന്നൂറ്റി നാൽപ്പത്തിനാല് മാത്രം) |
| ഈടാക്കേണ്ട എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് | 46,86,880 X 30%= **14,06,064/-**രൂപ |
| ആകെ | 234344+ 14,06,064= **16,40,408/-** (രൂപ പതിനാറ് ലക്ഷത്തി നാൽപ്പതിനായിരത്തി നാന്നൂറ്റി എട്ട് മാത്രം) |

ടി ഭൂമിക്ക് നിശ്ചയിക്കാവുന്ന ഏറ്റവും കുറഞ്ഞ വിലയാണ് മേൽ പട്ടിക പ്രകാരം തിട്ടപ്പെടുത്തിയിരിക്കുന്നത് എന്നുള്ള വിവരവും ഇതിനാൽ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

തിരുവനന്തപുരം
21.06.2022

24/6/2022

Deputy Collector (LA) &
Executive Magistrate
Collectorate
Thiruvananthapuram

വാല്യേഷൻ അസിസ്റ്റന്റ്